(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 43 മാവേലി മെഡിക്കൽ സ്റ്റോറുകളാണ് സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നത്. ഇവയിൽ കൂടി 10% മുതൽ 30% വരെ കുറഞ്ഞ നിരക്കിലാണ് മരുന്നുകൾ വിതരണം നടത്തുന്നത്.

(സി) 22 മാവേലി മെഡിക്കൽ സ്റ്റോറുകൾ.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

*29 [466] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം നേരിടുന്ന മേഖലകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വോൾട്ടേജ് ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് വൈദ്യുതി വകുപ്പ് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ജില്ല തിരിച്ചുള്ള മേഖലകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചുവരുന്നു:

1. പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. പുതുതായി സബ് സ്റ്റേഷനുകൾ സ്ഥാപിക്കുക.
3. സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകൾ ആക്കുക.
4. പുതിയ 11 കെ. വി. ലൈനുകൾ നിർമ്മിക്കുക.
5. പുതിയ 11 കെ. വി. ഭൂഗർഭ ലൈനുകൾ നിർമ്മിക്കുക.
6. എ. ബി. സ്വിച്ചുകൾ സ്ഥാപിക്കുക.
7. 9 കെ. വി. ആർ. എൽ. റ്റി. കപ്പാസിറ്ററുകൾ സ്ഥാപിക്കുക.

ഇതുകൂടാതെ, എച്ച്. ടി./എൽ. ടി. അനുപാതം 1:6-ൽ നിന്നും 1:5.2 എന്ന നിലയിലേക്ക് സംസ്ഥാനത്തൊട്ടാകെയായി കുറച്ചു കൊണ്ടുവരുന്നതിനു വേണ്ടിയുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിന് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ വായ്പയും, ധനസഹായവും ലഭിക്കുന്നതിനുള്ള അനുമതി കിട്ടിയിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി വോൾട്ടേജ് നിലവാരം മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് കരുതുന്നു.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[15-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *29(466)-ന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് അതിരൂക്ഷമായ വോൾട്ടേജ്ക്ഷാമം നേരിടുന്ന മേഖലകൾ (ജില്ല തിരിച്ച്)

1.	തിരുവനന്തപുരം	..	41	പ്രദേശങ്ങൾ
2.	കോട്ടയം	..	3	,,
3.	തൃശൂർ	..	1	,,
4.	ഇടുക്കി	..	33	,,
5.	പാലക്കാട്	..	50	,,
6.	കണ്ണൂർ	..	5	,,
7.	കാസർഗോഡ്	..	6	,,
8.	കോഴിക്കോട്	..	49	,,
9.	വയനാട്	..	10	,,
10.	മലപ്പുറം	..	13	,,

LIBRARY ARCHIVES Kerala Legislative Assembly